പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1571 06.03.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " അനിൽ അക്കര | (ഗതാഗത വകുപ്പ് മന്ത്രി) |
| " ഐ.സി.ബാലകൃഷ്ണൻ | |
| " വി.ഡി.സതീശൻ | |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധീകരിക്കുന്നതിന് പരിഹാരം നിർദ്ദേശിക്കുവാൻ നിയുക്തനായ സുശീൽ ഖന്ന പ്രസ്തുത സ്ഥാപനത്തെ കടക്കെണിയിൽ നിന്നും കരകയറ്റുവാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്താമോ; | (എ) | പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിൽ കോർപ്പറേഷന്റെ ഭരണം, സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>റിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:<br>കോർപ്പറേഷന്റെ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവന്ന് നവീകരിക്കണം. പ്രൊഫഷണലുകൾ അടങ്ങുന്ന ഭരണ സമിതി രൂപീകരിക്കണം. കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിക്കണം. ഓപ്പറേറ്റിംഗ് / മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തണം. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കണം. കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർധിപ്പിക്കണം. ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലായതിനാൽ ആയത് 5.5 എന്ന ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂടിയ പലിശനിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകൾ കുറഞ്ഞ പലിശനിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളായി ക്രമപ്പെടുത്തണം. പൊതുജനസേവനത്തിന്റെ ഭാഗമായി കോർപ്പറേഷന് ഉണ്ടാകുന്ന ബാധ്യതകൾ |

| | | | |
|---|---|---|---|
| | | | നേരിടുന്നതിന് സർക്കാർ ധനസഹായം നൽകണം. കെ.എസ്.ആർ.ടി.സി.യിലെ സ്റ്റോർ ഇൻവെന്ററി കാര്യക്ഷമമാക്കി അതുവഴി ചെലവ് കുറയ്ക്കണം. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയെന്നും അത് മൂലം കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യതയിൽ എന്ത് കുറവാണ് ഉണ്ടായതെന്നും വ്യക്തമാക്കാമോ; | (ബി) | കോർപ്പറേഷന്റെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി കരാർ അടിസ്ഥാനത്തിൽ പ്രൊഫഷണലുകളെ നിയമിച്ചു. ഭരണസമിതിയിൽ കൂടുതൽ പ്രൊഫഷണലുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോർപ്പറേഷനെ മൂന്ന് മേഖലകളാക്കി രൂപീകരിച്ചു എക്സിക്യൂട്ടീവ് ഡയറക്ടർ റാങ്കിലുള്ള മൂന്ന് പേരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരിയായി നിയമിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജി.പി.എസ്, വി.റ്റി.എസ്, ഓൺലൈൻ റിസർവേഷൻ, പി.ഐ.എസ്, ഇൻവെന്ററി മോഡ്യൂൾ, എച്ച്.ആർ മോഡ്യൂൾ, ഇ.ആർ.പി (Accounting software) എന്നിവയെല്ലാം കൂടി ക്രോഡീകരിക്കുന്നതിനും സമർത്ഥമായ ഗതാഗത സംവിധാനം കൊണ്ടുവരുന്നതിനും വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി സ്വന്തമായി തയ്യാറാക്കി ടെണ്ടർ വിളിച്ചിരിക്കുകയാണ്. ഇൻവെന്ററി കാര്യക്ഷമമാക്കുന്നതിനും, ഡെഡ് സ്റ്റോക്ക് കുറയ്ക്കുന്നതിനുമുള്ള നിർദ്ദേശം പ്രായോഗികമാക്കി. പർച്ചെയ്സ് നടത്തുന്നതിൽ വരുത്തിയ മാറ്റങ്ങൾ, ഡീസൽ വിലയിലെ കിഴിവ് എന്നിവ മുഖാന്തിരം പ്രതിമാസം 4.9 കോടി രൂപ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപയിൽ നിന്ന് വിവിധ ഓയിൽ കമ്പനികൾക്കും, എസ്.ബി.ഐ ക്യാപ്സിനും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് ഫീ ഇനത്തിലും നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക നൽകുന്നതിലേക്കായി 19 കോടി രൂപ അനുവദിച്ച് നൽകിയതിനാൽ ഈ ഇനങ്ങളിലുണ്ടായിരുന്ന കടബാദ്ധ്യതകളിൽ 19 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റി. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി, 9.2 ശതമാനം പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു.<br>ടി നടപടികൾ മൂലം വരുമാനം മെച്ചപ്പെടുകയും ചെലവ് കുറയുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്ക് കൂടുതൽ കടബാദ്ധ്യത ഉണ്ടാകാതിരിക്കാൻ ടി നടപടികൾ സഹായകരമായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ്സ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5 ആയി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചു എങ്കിലും 5.5 എന്നതിലേയ്ക്ക് എത്താൻ സാധിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം നിയമനങ്ങളും താൽകാലികമായി നിറുത്തി വയ്ക്കുന്നതിന് നിശ്ചയിക്കുകയും ടി വിവരം പി.സ്.സി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ഡ്യൂട്ടി സമയം പരിഷ്കരിച്ചും കമ്പ്യൂട്ടർവത്കരണം വഴിയും ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വരുമാനം കുറഞ്ഞ സർവ്വീസുകൾ ചുരുക്കി ജീവനക്കാരുടെ ലഭ്യത കൂട്ടുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തി വരുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിവര സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഇൻവെന്ററി മാനേജ്മെന്റിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുവാനാണ് ഇതിനകം സാധിച്ചതെന്ന് വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻവെന്ററി മോഡ്യൂൾ ഉൾപ്പെടുത്തി വിശദമായ ഒരു DPR കെ.എസ്.ആർ.ടി.സി സ്വന്തമായി തയ്യാറാക്കി ടെണ്ടർ വിളിച്ചിരിക്കുകയാണ്. ആയത് നടപ്പിലാക്കുമ്പോൾ ഇൻവെന്ററി സംവിധാനം പ്രാവർത്തികമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**